05

2021 ഒക്ടോബർ ചൊവ്വ 1197 കന്നി 20

# NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com

RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 166 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-166 | പേജ് 4, വില 2.00 രൂപ








02 ഹണിട്രാപ്: 26കാരി 57കാരനെ ലോഡ്ജിൽ വിളിച്ചുവരുത്തി

03 സിവിൽ സർവീസ്: ആദ്യഘട്ട പരീക്ഷ ഒക്ടോബർ 10 ന്

04 സെലിബ്രിറ്റികളുടെ പേടിസ്വപ്നമായ സമീർ വാംങ്ഖഡെ


# വായ്പയ്ക്ക് വരുന്നവരോടും സൗഹാർദ്ദപരമായി ഇടപെടണം: സഹകരണ മന്ത്രി

വായ്പയ്ക്കായി സമീപിക്കുന്നവരെ സൗഹാർദ്ദപരമായി പരിഗണിക്കണമെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ. കേരള ബാങ്ക് അവലോകന യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടു വരുന്നതിന് ഓഗസ്റ്റിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ നടപ്പാക്കിയതോടെ ഒരു മാസം കൊണ്ട് 848 കോടി രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ ബാങ്കിന് കഴിഞ്ഞതായി യോഗം വിലയിരുത്തി. വരും മാസങ്ങളിലും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ സജീവമായി നടപ്പിലാക്കാൻ മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു. ഒരു മാസത്തിനിടയിൽ ഇത്രയധികം നിഷ്ക്രിയ ആസ്തി കുറയ്ക്കാനായി പ്രവർത്തിച്ച ജീവനക്കാരെ മന്ത്രി അഭിനന്ദിച്ചു. ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനമാണ് കുറഞ്ഞ കാലയളവിനുള്ളിൽ ബാങ്കിനെ പ്രവർത്തന ലാഭത്തിലേയ്ക്ക് നയിച്ചതെന്നും മന്ത്രി പറഞ്ഞു.



ചെറുകിട കച്ചവടക്കാരെ കടക്കെണിയിൽ നിന്നും രക്ഷിക്കാനായി 5 ലക്ഷം രൂപവരെ വായ്പയെടുത്തിട്ടുള്ളതും അഞ്ച് ലക്ഷത്തിൽ താഴെ കുടിശികയുള്ളതുമായ വായ്പകളിൽ മുതലിൽ ഇളവു നൽകാനുള്ള അപേക്ഷ സർക്കാരിനു നൽകാൻ യോഗം തീരുമാനിച്ചു. ബോധപൂർവ്വമല്ലാതെ തിരിച്ചടവ് മുടങ്ങിയർ, മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ, അപകടം മൂലം കിടപ്പിലായവർ, കിടപ്പാടത്തിനായി മാത്രം അഞ്ച് സെൻറ് ഭൂമിയും അതിൽ വീടല്ലാതെ മറ്റ് ആസ്തികളൊന്നുമില്ലാത്തവർ, മറ്റു തരത്തിലുള്ള വരുമാനം ഇല്ലാത്തവർ തുടങ്ങിയവർക്കായിരിക്കും വായ്പാ മുതലിൽ ഇളവ് ലഭിക്കുക.

ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ചെറുകിട കച്ചവടക്കാർക്കും ബസ് ഉടമകൾക്കും കുടുംബശ്രീ അംഗങ്ങൾക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനായി അഞ്ചു ലക്ഷം രൂപ വരെ ജാമ്യമില്ലാതെ വായ്പ നൽകുന്നതിനായി തയ്യാറാക്കിയ കെബി സുവിധ പദ്ധതി ആരംഭിക്കുന്നതിനും തീരുമാനമായി. അവലോകന യോഗത്തിൽ കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, വൈസ് പ്രസിഡന്റ് എം. കെ. കണ്ണൻ, സിഇഒ പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ കെ.സി. സഹദേവൻ, ജനറൽ മാനെജർമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാർ തുടങ്ങിയവർ പങ്കെടുത്തു.

# ചലനശേഷിയില്ലാത്തവർ അംഗങ്ങളായ കുടുംബങ്ങളെ മുൻഗണനപട്ടികയിൽ ഉൾപ്പെടുത്താൻ നടപടി: ഭക്ഷ്യമന്ത്രി ജി ആർ അനിൽ

തിരുവനന്തപുരം : സ്വയം ചലിക്കുന്നതിനുള്ള ശേഷി പൂർണമായി നഷ്ടമായവർ അംഗങ്ങളായുള്ള കുടുംബങ്ങളെ മുൻഗണനപട്ടികയിൽ ഉൾപ്പെടുത്തുന്നത് സർക്കാർ ഗൗരവമായി കാണുമെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിയമസഭയെ അറിയിച്ചു. സംസ്ഥാനത്തെ ഭിന്നശേഷിക്കാർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ ശതമാനം കണക്കാക്കി ഒരു നിശ്ചിത ശതമാനത്തിന് മുകളിൽ അംഗപരിമിതി ഉള്ളവർക്ക് മുൻഗണനാ കാർഡ് നൽകാൻ കഴിയുമോയെന്നതു സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ സാമൂഹികനീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെന്നും നിയമസഭയിലെ ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും പശ്ചാത്തല സൗകര്യം വികസിപ്പിക്കും. റേഷൻ സാധനങ്ങൾക്കു പുറമേ പലവ്യഞ്ജന സാധനങ്ങളും വിതരണം ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മുൻഗണന കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് ഒക്ടോബർ 15വരെ പിഴകൂടാതെ സറണ്ടർ ചെയ്യാം. അതിന് ശേഷം കണ്ടെത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കും. ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. ഗുരുതര ശാരീരിക മാനസിക പ്രശ്നമുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ ആർക്കെങ്കിലും ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവരെയും പ്രത്യേകമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഒരു കാർഡിലും പേരില്ലാത്ത ആധാർ കാർഡുള്ളവർക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്തു വരികയാണ്. വാടകവീടുകളിൽ താമസിക്കുന്നവർക്ക് സാധുവായ വാടക കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ തന്നെ അപേക്ഷയോടൊപ്പം നൽകുന്ന സ്വയം സാക്ഷ്യപത്രവും ആധാർ കാർഡും പരിശോധിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നുണ്ട്. റദ്ദാക്കിയ 599 റേഷൻ കടകൾ പുതിയ ലൈസൻസികൾക്ക് കൊടുക്കുന്നതിനുള്ള നടപടികൾ നവംബർ മാസത്തോടെ പൂർത്തിയാകുമെന്നും മന്ത്രി മറുപടി നൽകി.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിൽ നിൽക്കുന്ന ഘട്ടത്തിലാണ് സംസ്ഥാനത്ത് റേഷൻ കടകളിലൂടെ അതിജീവനക്കിറ്റ് വിതരണം ചെയ്തത്. ആ അവസ്ഥ മാറിവരുന്ന സാഹചര്യത്തിൽ സൗജന്യ കിറ്റ് വിതരണം തുടരണമോയെന്ന കാര്യം പിന്നീട് ആലോചിക്കും. ഭക്ഷ്യകിറ്റ് റേഷൻ കടകളിലൂടെ വിതരണം ചെയ്ത പ്രത്യേക സാഹചര്യത്തെ റേഷൻ വ്യാപാരികൾ സേവനമായി കാണണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# 10 ലക്ഷം വീടുകളിലേക്ക് 'അഗ്രി ന്യൂട്രി ഗാർഡൻ' പദ്ധതിയുമായി കുടുംബശ്രീ

വീടുകളിൽ ജൈവ കാർഷിക പോഷകോദ്യാനങ്ങളൊരുക്കുന്ന കുടുംബശ്രീയുടെ 'അഗ്രി ന്യൂട്രി ഗാർഡൻ' പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. ഓരോ വീടിനും ആവശ്യമായ പോഷക സമൃദ്ധമായ പച്ചക്കറികളും പഴവർഗങ്ങളും ലഭ്യമാക്കിക്കൊണ്ട് പച്ചക്കറി സ്വയംപര്യാപ്തതയും അതിലൂടെ ആരോഗ്യകരമായ സമൂഹ സൃഷ്ടിയുമാണ് ലക്ഷ്യമിടുന്നത്.

ഇതിനായി 10 ലക്ഷം ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ വീടുകളിൽ പ്രാദേശിക കാർഷിക കാലാവസ്ഥയ്ക്ക് അനുയോജ്യമായ പച്ചക്കറികളും പഴവർഗങ്ങളും കൃഷി ചെയ്യും. മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രചാരണ വീഡിയോ പ്രകാശനവും ഐ.ബി സതീഷ് എം.എൽ.എ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ പദ്ധതി വിശദീകരണം നടത്തി.

നിലവിൽ കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഫാം ലൈവ്ലിഹുഡ് പദ്ധതിയുടെ ഭാഗമായി 202122 സാമ്പത്തിക വർഷം ഓരോ ഭവനത്തിലും പോഷകോദ്യാനങ്ങൾ സജ്ജീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതു പ്രകാരമാണ് ഓരോ വാർഡുകളിലും പോഷകോദ്യാനങ്ങളുടെ രൂപീകരണം. പോഷക സമൃദ്ധമായ കാർഷിക വിളകളായ തക്കാളി, പാവൽ, ചീര, മത്തൻ, മല്ലി, പുതിന വെണ്ട, വഴുതന, വെള്ളരി എന്നിവയിൽ ഏതെങ്കിലും അഞ്ചെണ്ണവും രണ്ടിനം ഫലവൃക്ഷങ്ങളുമാണ് അഗ്രി ന്യൂട്രി ഗാർഡനിൽ കൃഷി ചെയ്യുക. ഓരോ ഗുണഭോക്താക്കളും കുറഞ്ഞത് മൂന്നു സെന്റിൽ ജൈവരീതിയിൽ കൃഷി ചെയ്യണം.

ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി ഓരോ വാർഡിലും 50 കുടുംബങ്ങളെ വീതം തിരഞ്ഞെടുത്ത് ഒരു ക്ലസ്റ്റർ ആയി രൂപീകരിക്കും. ഓരോ ക്ലസ്റ്ററിനും പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി തുടങ്ങിയ ഭാരവാഹികളും ഉണ്ടാകും. കൃഷി ചെയ്യുന്നതിനുള്ള വിത്തും പരിശീലനവും നൽകുന്നത് കുടുംബശ്രീയാണ്. കാർഷിക മേഖലയിലെ പരിശീലകരായ ജീവ, മാസ്റ്റർ കർഷകർ എന്നിവരുടെ നേതൃത്വത്തിൽ നിലമൊരുക്കൽ, വിത്തിടൽ, വളപ്രയോഗം, വിളപരിപാലനം എന്നിവയിൽ പരിശീലനം ലഭ്യമാക്കും. ഓരോ മാസവും ക്ലസ്റ്റർ ലെവൽ മീറ്റിംഗ് നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്തും. ഇതിനായി പഞ്ചായത്തുതലത്തിൽ ജനപ്രധിനിധികളെ ഉൾപ്പെടുത്തി സംഘാടക മോണിറ്ററിംഗ് സമിതികളുടെ രൂപീകരണം ഊർജിതമായിട്ടുണ്ട്. ഗാർഹികാവശ്യങ്ങൾക്കായി മാറ്റി വച്ചതിനു ശേഷം അധികമായി വരുന്ന കാർഷികോൽപന്നങ്ങൾ കുടുംബശ്രീ നാട്ടുചന്തകൾ, കൃഷി ഭവൻ വഴിയുള്ള വിപണന കേന്ദ്രങ്ങൾ എന്നിവ വഴി വിറ്റഴിക്കുന്നതിനുള്ള ഇടപെടലുകൾ സി.ഡി.എസ് തലത്തിൽ നടപ്പാക്കും. പദ്ധതിയുടെ ഭാഗമായുള്ള ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടന്നു വരികയാണ്.

# ഓൺലൈൻ മാധ്യമങ്ങൾക്കെതിരെ കർശന നടപടി

തിരുവനന്തപുരം : സ്ത്രീകളെ അപമാനിച്ചും അവഹേളിച്ചും അധിക്ഷേപിച്ചുമുള്ള ഓൺലൈൻ മാധ്യമങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പ്രണയ നൈരാശ്യം അതിക്രമങ്ങളിലേക്ക് കടക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ പൊലിസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരാതികളിൽ നടപടിയെടുക്കുന്നതോടൊപ്പം മറുകക്ഷിയുടെ നീക്കങ്ങൾ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രണയങ്ങൾ കൊലപാതകത്തിൽ എത്താതിരിക്കാനുള്ള ബോധവൽക്കരണം ആവശ്യമാണ്. കഴിഞ്ഞ ദിവസം പാലാ സെന്റ് തോമസ് കോളജിൽ പെൺകുട്ടിയെ കഴുത്തറുത്ത് കൊന്ന സംഭവത്തെ മുഖ്യമന്ത്രി അപലപിച്ചു.

സോഷ്യൽ പൊലിസിങ് നടപടി ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ലഹരിമരുന്ന് മാഫിയയുടെ സഹായത്തോടെ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് യുവാക്കളെ തീവ്രവാദത്തിലേക്ക് ആകർഷിക്കുന്നതായുള്ള യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു,

# സംസ്ഥാനത്ത് 8,850 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

സംസ്ഥാനത്ത് ഇന്ന് 8,850 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 1134, തൃശൂർ 1077, എറണാകുളം 920, കോഴിക്കോട് 892, മലപ്പുറം 747, കൊല്ലം 729, കണ്ണൂർ 611, കോട്ടയം 591, പാലക്കാട് 552, ആലപ്പുഴ 525, പത്തനംതിട്ട 499, ഇടുക്കി 376, വയനാട് 105, കാസർഗോഡ് 92 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 74,871 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 368 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 745 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.



സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,15,489 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,99,228 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 16,261 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1019 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 149 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 25,526 ആയി.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 17,007 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1731, കൊല്ലം 1104, പത്തനംതിട്ട 847, ആലപ്പുഴ 974, കോട്ടയം 1094, ഇടുക്കി 866, എറണാകുളം 3566, തൃശൂർ 1273, പാലക്കാട് 920, മലപ്പുറം 1360, കോഴിക്കോട് 1734, വയനാട് 656, കണ്ണൂർ 754, കാസർഗോഡ് 128 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,28,736 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 45,74,206 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## കോവിഡ് അനന്തര ചികിത്സ: അമിത നിരക്ക് ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് അനന്തര ചികിത്സയ്ക്ക് നിരക്ക് നിശ്ചയിച്ചത് എപിഎൽ വിഭാഗത്തിലെ രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ചികിത്സ ലഭ്യമാക്കാൻ വേണ്ടിയെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. കോവിഡ് അനന്തര ചികിത്സയ്ക്ക് സർക്കാർ നിശ്ചയിച്ച പദ്ധതികളിൽ ഉൾപ്പെടാത്ത എപിഎൽ വിഭാഗങ്ങൾക്കുള്ള ചികിത്സയ്ക്ക് അമിത നിരക്ക് ഈടാക്കുന്നത് തടയാൻ ലക്ഷ്യമിട്ടാണ് ഓഗസ്റ്റ് 16 ന് സർക്കാർ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിജപ്പെടുത്തിയത്. ഇതുവഴി സ്വകാര്യ ആശുപത്രികളിൽ കോവിഡ് അനന്തര ചികിത്സയ്ക്ക് അമിത നിരക്ക് ഈടാക്കുന്നില്ലെന്ന് ഉറപ്പാക്കുന്നുണ്ട്. ഇതിനു പുറമെ കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള ഉയർന്ന ചികിത്സാ ചെലവ് കണക്കിലെടുക്കുമ്പോൾ ഈ നിരക്ക് എപിഎൽ വിഭാഗത്തിലെ രോഗികൾക്ക് ചികിത്സ ലഭ്യമാക്കാൻ സഹായകരമാകുമെന്നും ആരോഗ്യ മന്ത്രി പറഞ്ഞു.

# വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ സേവനങ്ങൾ ഇനി ഓൺലൈനിൽ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ എല്ലാ സേവനങ്ങളും ഇനി ഓൺലൈനിലും ലഭ്യമാകും. പൊതുജനങ്ങൾക്ക് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളെയും പദ്ധതികളെയും കുറിച്ചറിയാൻ ഇനി ഓഫീസിൽ നേരിട്ട് എത്തേണ്ടതില്ല. ഒക്ടോബർ 1 മുതൽ 500ൽ അധികം ഓൺലൈൻ സേവനങ്ങൾ കേരളത്തിലുള്ളവർക്കു ലഭ്യമാക്കിയ 'ഇ സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ ഡയറക്ടറേറ്റിന്റെ നൂറു ശതമാനം സേവനങ്ങളും ഓൺലൈനായി ലഭ്യമാണ്. വ്യവസായ ഡയറക്ടറേറ്റ് നൽകുന്ന 13 സേവനങ്ങളും ഇപ്പോൾ ഓൺലൈൻ ആയിരിക്കുകയാണ്.

ഉത്പാദന മേഖലയിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് ഘട്ടങ്ങളിലായി സാമ്പത്തിക സഹായം നല്കുന്ന സംരംഭക സഹായ പദ്ധതിയുടെയും (Etnrepreneur Suppor-t Scheme), ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാൻഡ് പദ്ധതിയുടെയും (S-c-h-em-e for M-ar-g-in Mon-ey Gr-an-t to N-ano Un-i-ts), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശയിളവ് പദ്ധതിയുടെയും (S-c-h-em-e for in-ter-e-st su-bv-en-tion to n-ano hou-se ho-l-d en-terpr-i-se-s) വിവരങ്ങൾ ഇതിൽ ലഭ്യമാണ്. കൂടാതെ കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിച്ച വ്യവസായ ഭദ്രത പലിശയിളവ് പദ്ധതിയുടെയും, പ്രവർത്തനരഹിതമായ എം.എസ്.എം. ഇ യൂണിറ്റുകൾക്കുള്ള സഹായ പദ്ധതി (R-ev-iv-a-l an-d R-e-h-a-b-i-l-i-ta-tion S-c-h-em-e for D-e-fun-c-t M-S-M-E-s an-d C-a-sh-ew Pro-c-e-ssin-g Un-i-ts)യുടെയും, തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെയും (K-er-a-l-a str-e-sse-d M-S-M-E R-ev-iv-a-l an-d R-e-h-a-b-i-l-i-ta-tion S-c-h-em-e) വിവരങ്ങൾ പോർട്ടലിൽ നൽകിയിട്ടുണ്ട്.

കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ആശാപദ്ധതി (A-ssi-stan-c-e S-c-h-em-e for H-an-d-i-cr-a-f-t Ar-ti-san-s), നൈപുണ്യവികസന സൊസൈറ്റികൾക്കുള്ള സഹായം, വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുള്ള സംരംഭകത്വ വികസന ക്ലബ്ബുകൾക്കുള്ള സഹായം, എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും പോർട്ടലിൽ ലഭ്യമാണ്. ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ് എന്നിവ നിർമിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസുകളും, അവയുടെ പുതുക്കലും, നിയന്ത്രിത അസംസ്കൃത വസ്തുക്കൾക്കുവേണ്ട എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവക്കും ഇതുവഴി അപേക്ഷിക്കാം. വെബ്സൈറ്റിന്റെ വിലാസം http://industry.kerala.gov.in.



നവരാത്രി വിഗ്രഹങ്ങളുടെ എഴുന്നള്ളിപ്പിന് മുന്നോടിയായി പത്മനാഭപുരം കൊട്ടാരത്തിലെ ഉപ്പിരിക്ക മാളികയിൽ ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ ഉടവാൾ കൈമാറുന്നു. വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി, കേന്ദ്രസഹമന്ത്രി വി.മുരളീധരൻ എന്നിവർ സമീപം

# നഗര ഗ്രാമാസൂത്രണ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു

തിരുവനന്തപുരം: കേരള ടൗൺ ആന്റ് കൺട്രി പ്ലാനിങ് ആക്ടിൽ അനിവാര്യമായ 14 ഭേദഗതികൾ ഉൾക്കൊള്ളുന്ന കേരള നഗര ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ നിയമസഭ സബ്ജക്ട് കമ്മിറ്റിയ്ക്ക് വിട്ടു. നവകേരള സൃഷ്ടിക്കായുള്ള സംരംഭത്തിന്റെ ഭാഗമായി നടന്ന അഭിപ്രായ രൂപീകരണത്തിലെ ആശയങ്ങളും ഉൾപ്പെടുന്ന ബില്ല് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ അവതരിപ്പിച്ചു.

സംസ്ഥാനതലം, ജില്ലാതലം, തദ്ദേശാസൂത്രണ പ്രദേശം എന്നിങ്ങനെ വിവിധ തലങ്ങളിലെ പ്ലാനുകൾ ബില്ലിൽ വ്യക്തമാക്കുന്നു. സംസ്ഥാനത്തിനും ജില്ലകൾക്കും മെട്രോപൊളിറ്റൻ പ്രദേശത്തിനുമായി പ്രത്യേക പെർസ്പെക്ടീവ് പ്ലാനുകൾ, നഗരാസൂത്രണ പദ്ധതികൾ, വികസന അതോറിറ്റികൾ തുടങ്ങിയവയും പ്രതിപാദിക്കുന്നു. ദുരന്താഘാത സാധ്യതാ വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയാണ് നിയമ നിർമ്മാണം.

മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ കാലതാമസം ഒഴിവാക്കുക, ദുരന്ത സാധ്യത പരിഗണിച്ചു സ്ഥലപരാസൂത്രണം നടത്തുക, വികസനത്തെ മുൻനിർത്തി നിലവിലുള്ള വിശദ നഗരാസൂത്രണ മാസ്റ്റർ പ്ലാൻ ഉറപ്പാക്കുക തുടങ്ങിയ വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുന്നു. ദുരന്ത സാധ്യതാ മുന്നറിയിപ്പുകൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയാറാക്കുന്നതിനായി ഇറക്കിയ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് ചില നിർവചനങ്ങളും ബില്ലിൽ ഉൾപ്പെടുത്തി. വാർഷികപദ്ധതി, വികസനം, ദുരന്തം, പഞ്ചവത്സര പദ്ധതി, ഭൂമി, ലഘൂകരണം, പെർസ്പെക്ടീവ് പ്ലാൻ, മുൻഗണനാ പ്രവർത്തന പ്ലാൻ, പ്രസിദ്ധീകരിച്ച പ്ലാൻ, അംഗീകൃത പ്ലാൻ, പ്രത്യേക ഏരിയ, പ്രത്യേക ഏരിയ പ്ലാൻ, സംസ്ഥാന വികസന കൗൺസിൽ, സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിയവയ്ക്ക് നിർവചനങ്ങൾ കൊണ്ടുവരികയും ചിലവ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർണമായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാകും. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ, ഇതിന് ജില്ലാ ആസൂത്രണ സമിതിയോട് സർക്കാരിന് ഉത്തരവിടാം. നിർണയിക്കപ്പെട്ട സമയത്തിനകം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ സർക്കാരിന് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാം.

ദുരന്ത സാധ്യതാ പ്രദേശങ്ങൾ, പരിസരലോല പ്രദേശങ്ങൾ, പൈതൃക പ്രദേശങ്ങൾ, ടൂറിസം പ്രദേശങ്ങൾ തുടങ്ങിയവയ്ക്കായി പെട്ടെന്ന് പ്ലാൻ തയാറാക്കി നടപ്പാക്കാനാകും.

അടിയന്തിര ആസൂത്രണം ഇടപെടൽ ആവശ്യമുള്ള പ്രദേശത്തിനെ ഉത്തരവു വഴി പ്രത്യേക പ്രദേശമായി തരംതിരിക്കാൻ സർക്കാരിന് അധികാരമുറപ്പാകും.

# ഹണിട്രാപ്: 26കാരി 57കാരനെ ലോഡ്ജിൽ വിളിച്ചുവരുത്തി

വൈക്കം: ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട വൈക്കം സ്വദേശിയായ ഗൃഹനാഥനെ ഹണി ട്രാപ്പിൽപ്പെടുത്തി പണം തട്ടിയ സംഭവത്തിൽ നടന്നത് വളരെ ആസൂത്രിതമായ തട്ടിപ്പ്. ഹണി ട്രാപ്പിൽ വൈക്കത്തെ ഗൃഹനാഥനു പുറമേ മറ്റു ചിലരെയും കെണിയിൽപ്പെടുത്തി യുവതി പണം തട്ടിയെടുത്തതായും സൂചന കിട്ടി.

സംഭവത്തിൽ പ്രതികളിൽ ഒരാൾ പോലിസ് പിടിയിലായി. എറണാകുളം ഞാറയ്ക്കൽ വൈപ്പിൻ പുതുവൈപ്പ് തോണി പാലത്തിനു സമീപം താമസിക്കുന്ന തുറക്കൽ ജസ്‌ലിൻ ജോസി (41)യെയാണ് വൈക്കം പോലിസ് അറസ്റ്റ് ചെയ്തത്.

ആലപ്പുഴ സ്വദേശിയായ 26കാരി 57കാരനായ ഗൃഹനാഥനുമായി ഫേസ്ബുക്കിലൂടെ അടുപ്പം സ്ഥാപിച്ചു വരുതിയിലാക്കുകയായിരുന്നു. കഴിഞ്ഞ സെപ്റ്റംബർ 28നു യുവതി ഗൃഹനാഥനെ ചേർത്തല ഒറ്റപുന്നയിലെ ലോഡ്ജിൽ വിളിച്ചു വരുത്തി.

പിന്നീട് യുവതിയുമൊത്തുള്ള ദൃശ്യങ്ങൾ പകർത്തി. ഇതുപയോഗിച്ചു ഗൃഹനാഥനെ ഭീഷണിപ്പെടുത്തി. 50 ലക്ഷം രൂപ ചോദിച്ചാണ് വില പേശൽ തുടങ്ങിയതെങ്കിലും പിന്നീട് 20 ലക്ഷം രൂപ നൽകാമെന്നു ധാരണയായതായി പോലിസ് പറഞ്ഞു. ഇതിൻറെ ആദ്യ ഗഡുവായി 1,35,000 രൂപ യുവതിയും കൂട്ടരും കൈക്കലാക്കി.

വൈക്കം സ്വദേശിയായ ഗൃഹനാഥനോടു യുവതിയുടെ കൂട്ടാളികൾ വൈക്കം ബോട്ടുജെട്ടിക്കു സമീപത്തു വച്ചു പണത്തെ ചൊല്ലി കലഹിച്ചതോടെയാണ് പ്രശ്നം വഷളായത്. കൈയിലുള്ളതെല്ലാം നഷ്ടപ്പെട്ട 57കാരൻ ജീവിതം തകരാതിരിക്കാൻ കടം വാങ്ങിയും പണം നൽകേണ്ട സ്ഥിതിയുണ്ടായതോടെ സുഹൃത്തുക്കളുടെയും മറ്റും പ്രേരണയാൽ പോലിസിൽ പരാതി നൽകുകയായിരുന്നു.

ഗൃഹനാഥനെ കുടുക്കിയ യുവതിക്കു വൈക്കത്തെ ചില പ്രമുഖരുമായും ബന്ധമുണ്ടെന്ന സൂചന പോലീസിനു ലഭിച്ചിട്ടുണ്ട്. കേസിൽ 26 കാരിയായ യുവതിയടക്കമുള്ള പ്രതികളെ പിടികൂടാനുണ്ടെന്നും അന്വേഷണം ഊർജിതമായി നടക്കുകയാണെന്നും വൈക്കം ഡിവൈഎസ്പി എ.ജെ. തോമസ് പറഞ്ഞു.

ഹണിട്രാപിൽ കുടുങ്ങിയതു നിരവധി പേരെന്നു സൂചന. പോലീസ് പ്രതികളെന്നു സംശയിക്കുന്ന യുവതിയടക്കമുള്ളവരുടെ ഫോൺ രേഖകൾ പരിശോധിച്ചതിനെത്തുടർന്നാണ് ഞെട്ടിക്കുന്ന വിവരങ്ങൾ ലഭിച്ചത്.

പണം നഷ്ടമായ പ്രമുഖരിൽ പലരും മാനം നഷ്ടമാകാതിരിക്കാനാണ് പരാതിയുമായി മുന്നോട്ടു വരാതിരുന്നതെന്നാണ് അന്വേഷണ സംഘത്തിൻറെ നിഗമനം. ഇതിനകം പോലീസ് ചിലരിൽനിന്നു വിവരങ്ങൾ തേടിയതോടെ കെണിയിലകപ്പെട്ട പലരും ആശങ്കയിലാണ്.

വൈക്കം ഡിവൈഎസ്പി എ.ജെ. തോമസിൻറെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചാണ് അന്വേഷണം നടന്നുവരുന്നത്. ഇതിനിടയിൽ കേസുമായി ബന്ധപ്പെട്ടു പോലീസ് പുറത്തുവിട്ട ചിലരുടെ ചിത്രങ്ങൾ അബദ്ധത്തിൽ നൽകപ്പെട്ടതാണെന്നും അവർ നിരപരാധികളാണെന്നും പോലീസ് അറിയിച്ചു.

## റാങ്ക് പട്ടിക റദ്ദാക്കി

പ്രിസൺസ് വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയുടെ (കാറ്റഗറി നമ്പർ:456/2016) റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമന ശുപാർശ ചെയ്തതിനാൽ റാങ്ക് പട്ടിക റദ്ദാക്കിയതായി പി.എസ്. സി. ജില്ലാ ഓഫീസർ അറിയിച്ചു.

## താത്ക്കാലിക നിയമനം

തഴവ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളജിൽ സൈക്കോളജി അപ്രന്റീസ് ഒരു ഒഴിവുണ്ട്. യോഗ്യത സൈക്കോളജിയിൽ എം.എ/എം.എസ്.സി. ക്ലിനിക്കൽ സൈക്കോളജി, പ്രവൃത്തി പരിചയം അഭികാമ്യം. ശമ്പളംപ്രതിമാസം 17600 രൂപ. കൂടിക്കാഴ്ച ഫോൺ 04762864010, 9447140647.

# ഈ വർഷം എസ്എസ്എൽസി പാസായ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനത്തിന് സീറ്റുകൾ ലഭ്യം: മന്ത്രി വി ശിവൻകുട്ടി

തിരുവനന്തപുരം : എസ്എസ്എൽസി പാസായ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനത്തിന് ആവശ്യമായ സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിയമസഭയെ അറിയിച്ചു. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കാസർകോട് ജില്ലകളിൽ 20 ശതമാനം സീറ്റ് വർധിപ്പിച്ചിട്ടുണ്ട്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ വളരെ കുറച്ചു മാത്രം ഓപ്ഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെടാൻ കഴിഞ്ഞിട്ടില്ല. രണ്ടാമത്തെ അലോട്ട്മെന്റിൽ അവർക്കും പ്രവേശനം ലഭിക്കും. ഒന്നാമത്തെ അലോട്ട്മെന്റിൽ ഒഴിഞ്ഞുകിടക്കുന്ന സംവരണ വിഭാഗ സീറ്റുകളും ഇഡബ്ല്യുഎസ് റിസർവേഷനിലെ ഒഴിവുള്ള സീറ്റുകളും രണ്ടാമത്തെ അലോട്ട്മെന്റിൽ പൊതു മെറിറ്റായി പരിവർത്തനം ചെയ്യും. അപ്പോൾ ലഭ്യമാകുന്ന സീറ്റുകൾ ഇത്തരത്തിലുള്ള അപേക്ഷകർക്ക് രണ്ടാം അലോട്ട്മെന്റിൽ പ്രവേശനം ലഭ്യമാകുമെന്നും പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് മറുപടിയായി മന്ത്രി പറഞ്ഞു.

സപ്ലിമെന്ററി അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് വീണ്ടും പരിശോധിക്കും. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് അധിക ബാച്ച് അനുവദിക്കാൻ കഴിയില്ല. സീറ്റുകൾ എത്ര അധികമായി വേണ്ടിവരുമെന്ന് ഒക്ടോബർ 20 ന് ശേഷമേ അറിയാൻ കഴിയൂവെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം എസ്എസ്എൽസി പാസായവരുടെയും പ്രവേശനത്തിനായി അപേക്ഷിച്ചവരുടെയും എണ്ണം താരതമ്യേന കുറവാണ്. ഈ വർഷം എസ്എസ്എൽസി പാസായി ഉന്നതപഠനത്തിന് യോഗ്യത നേടിയവർ 4,19,653 ഉം പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം 4,65,219 ഉം ആണ്. കോവിഡ് പശ്ചാത്തലത്തിൽ വളരെ ലളിതമായി നടത്തിയ എസ്എസ്എൽസി പരീക്ഷയുടെ ഫലമായി എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 1,25,509 ആയി വർധിച്ചു.

ഇത് കഴിഞ്ഞ വർഷത്തേതിനേക്കാൾ മൂന്നു മടങ്ങ് കൂടുതലാണ്.

ഈ വർഷം നിലവിൽ ആകെ 3,94,457 സീറ്റുകൾ ഹയർസെക്കൻഡറി മേഖലയിൽ മാത്രം ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ 33,000 സീറ്റുകളും പോളിടെക്നിക്, ഐടിഐ എന്നിവിടങ്ങളിലായി ഏകദേശം 70,000 സീറ്റുകളും ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.

# രാസവളവിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലെ അപാകത പരിശോധിക്കാൻ സ്പെഷ്യൽ ഡ്രൈവ്

തിരുവനന്തപുരം : പിഒഎസ് മെഷീനിൽ രാസവളത്തിന്റെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലുള്ള അപാകതകൾ പരിശോധിക്കുന്നതിനു വയനാട് ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് നടത്താൻ തീരുമാനിച്ചതായി കൃഷിമന്ത്രിക്കുവേണ്ടി റവന്യൂമന്ത്രി കെ രാജൻ നിയമസഭയെ അറിയിച്ചു.

വയനാട്ടിൽ രാസവള ലഭ്യതക്കുറവ് സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ടി സിദ്ദിഖിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. ഓരോ റീട്ടെയിലറുടെ പക്കലുള്ളതായി രേഖകളുള്ള രാസവള ശേഖരവും യഥാർത്ഥത്തിലുള്ള ശേഖരവും വ്യത്യസ്തമായതിനാൽ യഥാർത്ഥത്തിലുള്ള ശേഖരം ഡാഷ്ബോർഡിൽ വന്നാൽ മാത്രമേ കേന്ദ്രസർക്കാർ രാസവള വിഹിതം കൂടുതലായി അനുവദിക്കുകയുള്ളൂ.

നിലവിൽ എല്ലാ കമ്പനികളോടും അടിയന്തരമായി വളങ്ങൾ വയനാട് ജില്ലയിൽ എത്തിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്ന കമ്പനി മെയിന്റനൻസിനായി പൂട്ടിയതിനാലാണ് കഴിഞ്ഞ രണ്ട് മാസങ്ങളിൽ വളം വിതരണം ചെയ്യാതിരുന്നത്. ഒക്ടോബർ ആദ്യവാരം തന്നെ വളം വിതരണം ആരംഭിക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അസംസ്കൃത വസ്തുക്കളുടെ വിലവർധനവ് കാരണം ഇന്ത്യയിൽ പ്രവർത്തിക്കുന്ന പല രാസവള നിർമ്മാണ കമ്പനികളും ഉല്പാദനം കുറച്ചിരിക്കുകയാണ്.

അസംസ്കൃത വസ്തുക്കളുടെ വില നിയന്ത്രിച്ച് ആവശ്യത്തിന് രാസവളങ്ങളുടെ ഉല്പാദനം ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിന് രാസവളങ്ങൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്.

തമിഴ്നാട്, കർണാടക എന്നീ അയൽ സംസ്ഥാനങ്ങളിൽ കേരളത്തിനേക്കാൾ കൂടുതൽ കൃഷിയുള്ളതിനാൽ പലപ്പോഴും കേരളത്തിന് കിട്ടേണ്ട യഥാർത്ഥ വിഹിതം ലഭ്യമാകാറില്ല. പിഒഎസ് മെഷീനിലുള്ള വളത്തിന്റെ ശേഖരം കൂടി കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ നിലവിൽ വളം അനുവദിക്കുന്നത്. പല വ്യാപാരികളും പിഒഎസ് മെഷീൻ ഉപയോഗിക്കാതെ വളം വിൽക്കുന്നതിനാൽ യഥാർത്ഥത്തിലുള്ള രാസവള ശേഖരത്തേക്കാൾ വളരെ കൂടുതലാണ് മെഷീനിൽ കാണുന്ന രാസവള ശേഖരം.

കൃഷി ഉദ്യോഗസ്ഥർ നിരവധി തവണ റീട്ടെയിൽ വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടും സ്ഥിരമായി മെഷീൻ ഉപയോഗിക്കാത്തിനാൽ അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ കൃഷി ഉദ്യോഗസ്ഥർക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ത്രീവിരുദ്ധത ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ത്രീ വിരുദ്ധത ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ലിംഗ സമത്വത്തിന്റെയും തുല്യ നീതിയുടെയും കാര്യത്തിൽ സർക്കാരിനു മാത്രമല്ല എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും വലിയ പങ്കു വഹിക്കാനുണ്ടെന്നും ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു.

മുസ്‌ലിം ലീഗിലെ ഹരിതയിലുണ്ടായ വിഷയം സംബന്ധിച്ച് പരാതിയുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചാൽ മാത്രമേ പറയാനാവൂവെന്നും അദ്ദേഹം വ്യക്തമാക്കി. സ്ത്രീ സുരക്ഷയുടേയും ലിംഗ സമത്വത്തിന്റേയും കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളം ഏറെ മുന്നിലാണെങ്കിലും സംസ്ഥാനത്ത് ഇപ്പോഴും സ്ത്രീകൾക്കെതിരായ നീക്കങ്ങളുടെ അംശങ്ങൾ നിലനിൽക്കുന്നുണ്ട്. എല്ലാവരെയും ഞെട്ടിക്കുന്ന സംഭവങ്ങൾ അടുത്തിടെ ഉണ്ടായി.

അത്തരം സാഹചര്യങ്ങൾക്കെതിരെ പൊതു സമീപനത്തിന്റെ തുടർച്ച അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിവിധ മാധ്യമ വാർത്തകളിലൂടെ ചില മതവിഭാഗങ്ങൾ തമ്മിൽ സ്പർധ വളർന്നു വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ മതസൗഹാർദം ഉറപ്പു വരുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരികയാണ്. വിഷയത്തിൽ മതസാമുദായിക വിഭാഗത്തിൽ പെട്ട പ്രമുഖരെ ഉൾപ്പെടുത്തി സർവകക്ഷിയോഗം വിളിക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്.

നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ടു മുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം മതസൗഹാർദം ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പൊലിസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ത്തെ മുഖ്യമന്ത്രി അപലപിച്ചു. സോഷ്യഡോം, ഹൈടെക് സെൽ, സൈബർ പൊലിസ് സ്റ്റേഷനുകൾ, പൊലിസ് മീഡിയ സെൽ എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# സ്വാതന്ത്ര്യത്തിന്റെ 75 വർഷം ഹരിത ജില്ലയാക്കി മാറ്റാൻ വിപുല പരിപാടികൾ ജില്ലാ കലക്ടർ

ആസാദി കാ അമൃത് മഹോത്സവ് എന്ന പേരിൽ രാജ്യമൊട്ടാകെ സ്വാതന്ത്ര്യത്തിന്റെ 75 വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ എട്ട് വരെ ജില്ലയൊട്ടാകെ ശുചീകരണ പരിപാടി നടത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. ഓടകളും ജലാശയങ്ങളും എല്ലാം വൃത്തിയാക്കും. സ്കൂളുകളും ഇതേ രീതിയിൽ ശുചീകരിക്കുകയാണ്. ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ. സി. സി., സ്കൗട്ട്സ്, തൊഴിലുറപ്പ് തൊഴിലാളികൾ, നെഹ്റു യുവകേന്ദ്ര, ക്ലബുകൾ, ഇതര സംഘടനകൾ തുടങ്ങി എല്ലാവരുടേയും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ആഘോഷം നടത്തി ഹരിതകർമ സേനാംഗങ്ങളെ ആദരിക്കും. സേനയെ പാഴ് വസ്തുക്കൾ ശേഖരിക്കാൻ നിയോഗിച്ചു. ഗ്രാമങ്ങൾ വെളിയിട വിസർജ്ജ മുക്തമാക്കി മാറ്റി ഒ. ഡി. എഫ് പ്ലസ് പ്രഖ്യാപനം നടത്തുകയുമാണ്. 27 മാതൃകാ പഞ്ചായത്തുകളെ ഒ. ഡി. എഫ് നിലവാരം കണക്കാക്കി തിരഞ്ഞെടുത്തു. 41 എണ്ണമാണ് പ്ലസ് പ്രഖ്യാപനത്തിന്റെ ഭാഗമാകുക. ഉന്നത നിലവാരത്തിലുള്ള ശുചിമുറികൾ ഉറപ്പാക്കുന്നതിന് ടേക്ക് എ ബ്രേക്ക് പദ്ധതിയും നടപ്പിലാക്കുന്നു. 11 കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 23 എണ്ണം നിർമാണഘട്ടത്തിലും. നിരോധിച്ച പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നില്ല എന്നും ഉറപ്പ് വരുത്തുകയാണ്. ഇതിനായി കർശന പരിശോധനകളും നടത്തുന്നു. വ്യാപാരവാണിജ്യ സ്ഥാപനങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിനും പരിശോധനകൾ നടത്തി വരികയാണ്. ടോയ്‌ലെറ്റ് ഓഡിറ്റ് പരിപാടിയിലൂടെയാണ് പരിശോധന. ഒക്ടോബർ 31 വരെ ക്ലീനിംഗ് ഇന്ത്യ പരിപാടി സംഘടിപ്പിച്ച് നെഹ്റു യുവകേന്ദ്ര മാലിന്യം നീക്കി ശുചീകരണ സൗന്ദര്യവത്കരണ പ്രവർത്തനം നടത്തും. ജലസുരക്ഷ സംബന്ധിച്ച് അവബോധം നൽകുകയും ചെയ്യും. ഈ പദ്ധതികളും അനുബന്ധ പ്രവർത്തനവും വഴി മാലിന്യരഹിത പ്രകൃതി സൗഹൃദ പ്രദേശമായി ജില്ലയെ മാറ്റിയെടുക്കുകയാണ് ലക്ഷ്യം. പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി തദ്ദേശ ഭരണ സ്ഥാപന ഭാരവാഹികളുടേയും സെക്രട്ടറിമാരുടേയും നിർവണ ചുമതലയുള്ള ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശം നൽകിയെന്നും കലക്ടർ അറിയിച്ചു.

# സർക്കാർ സ്ഥാപനങ്ങളിൽ ശുചിത്വ പരിശോധനയും ഹരിതചട്ട പാലന ഓഡിറ്റിംഗും തുടങ്ങി

ജില്ലാ ശുചിത്വ മിഷന്റ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലെയും ശുചിത്വ നിലവാര പരിശോധനയ്ക്കും ഹരിതചട്ട പാലന തൽസ്ഥിതി ഓഡിറ്റിംഗിനും തുടക്കമായി. ഒക്ടോബർ 15 വരെ ജില്ലയിലാകെ നടക്കുന്ന പരിശോധനയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ കലക്ടർ അഫ്സാന പർവ്വീൺ നിർവ്വഹിച്ചു. ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ എ. ഷാനവാസ്, റിസോഴ്സ് പേഴ്സൺമാരായ തൊടിയൂർ രാധാകൃഷ്ണൻ, എൽ. ഷൈലജ, ലേഖ, അഭിലാഷ്, പ്രിയ എന്നിവർ പങ്കെടുത്തു.

സർക്കാർ ഓഫീസുകളിലെയും സ്ഥാപനങ്ങളിലെയും ശുചിത്വ സ്ഥിതി, സ്ത്രീ സൗഹൃദ നിലവാരം, ടോയ്‌ലറ്റുകളുടെ അവസ്ഥ, ഹരിത പ്രോട്ടോക്കോൾ പാലനം, ജൈവ, അജൈവ മാലിന്യ നീക്കങ്ങളും സംസ്കരണ സംവിധാനങ്ങളുടെ നിലവിലെ സ്ഥിതിയും തുടങ്ങിയവ സംബന്ധിച്ച പരിശോധനയും റിപ്പോർട്ട് തയ്യാറാക്കലുമാണ് നടത്തുന്നത്. എല്ലാ സർക്കാർ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് ഉയർത്തി തൽസ്ഥിതി പരിപാലിക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ ജില്ലാ ശുചിത്വമിഷന്റെ ഏകോപനത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുമെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ സൗമ്യ ഗോപാലകൃഷ്ണൻ അറിയിച്ചു.



നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഗാന്ധിജയന്തി ദിനാചരണവും ഒ ഡി എഫ് പ്ലസ് പ്രഖ്യാപനവും നവകേരളം കർമ്മ പദ്ധതി കോഓർഡിനേറ്റർ റ്റി എൻ സീമ ഉദ്ഘാടനം ചെയ്യുന്നു

# വായനയുടെ ലോകവും തുറന്ന് വിക്ടോറിയാ ആശുപത്രി

സർക്കാർ വിക്ടോറിയ ആശുപത്രിയിൽ ഇനി ഗ്രന്ഥശാലയും. അമ്മമാർക്കും, ഗർഭിണികൾക്കും കുട്ടികൾക്കും കൂട്ടിരുപ്പുകാർക്കും കൂട്ടാകാനും അറിവ് പകരാനുമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയ ഗ്രന്ഥശാലയുടെ ഉദ്ഘാടനം എഴുത്തുകാരി കെ. ആർ. മീര നിർവഹിച്ചു.

പുസ്തകമാണ് മനുഷ്യന് നൽകാവുന്ന ഏറ്റവും വലിയ ആയുധവും അവസരവും. മഹാമാരിക്കാലത്ത് വായനയുടെ തിരിച്ചുവരവാണ് കാണാൻ സാധിച്ചത്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് ആദ്യമായി ഒരു ആശുപത്രിയിൽ വായനശാല ആരംഭിച്ചത് ശ്രദ്ധേയമാകുന്നതെന്ന് മീര പറഞ്ഞു.

രണ്ട് ലക്ഷം രൂപയാണ് സംവിധാനത്തിന് ചിലവായത്. പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപത്രവും ഇവിടെയുണ്ട്. ഡിസ്ചാർജ് ചെയ്യുന്നതിനു മുൻപ് തിരികെ നൽകണം എന്ന വ്യവസ്ഥയിലാണ് പുസ്തകങ്ങൾ നൽകുക. ആദ്യഘട്ടമെന്ന നിലയിൽ ഒരു ലക്ഷം രൂപയുടെ പുസ്തകങ്ങളും ഒരു ലക്ഷം രൂപയുടെ ഫർണിച്ചറുകളുമാണ് ലഭ്യമാക്കിയത്. ആശുപത്രിയിലെ ഡീലക്സ് പേ വാർഡിനും നാലാം വാർഡിനും മദ്ധ്യേയാണ് ഗ്രന്ഥശാല.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം. കെ. ഡാനിയൽ അദ്ധ്യക്ഷനായി. വൈസ് പ്രസിഡന്റ് സുമലാൽ, ആരോഗ്യ സ്ഥിരംസമിതി ചെയർമാൻ ഡോ. പി. കെ. ഗോപൻ, അംഗങ്ങളായ സി.പി. സുധീഷ് കുമാർ, ഗേളി ഷൺമുഖൻ, അനന്തു പിള്ള, പ്രിജി ശശിധരൻ, സെക്രട്ടറി കെ. പ്രസാദ്, വിക്ടോറിയ ആശുപത്രി സൂപ്രണ്ട് ഡോ. കൃഷ്ണ വേണി, ആർ. എം. ഒ. ഡോ. അനു ജെ. പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു. റാണി നൗഷാദ് 50 പുസ്തകങ്ങൾ ഗ്രന്ഥശാലയിലേക്ക് കൈമാറി.

# പ്രതിപക്ഷ നേതാവിന് മറുപടിയുമായി വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം : പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് ലഭിക്കില്ലെന്നു പുകമറ സൃഷ്ടിക്കാനുള്ള നിയമസഭയിലെ പ്രതിപക്ഷ ശ്രമത്തിന് അക്കമിട്ട മറുപടി നൽകി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. അടിയന്തര പ്രമേയ ചർച്ചയിൽ ഇറങ്ങിപ്പോക്ക് പ്രസംഗം നടത്തവേ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നടത്തിയ പരാമർശത്തിന് മന്ത്രി നൽകിയ മറുപടിയെ വളച്ചൊടിച്ച് വിവാദമാക്കാൻ ശ്രമിച്ചത് അൽപ്പ സമയം ബഹളത്തിനിടയാക്കി. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ലഭിക്കുന്നില്ലെന്നായിരുന്നു പ്രതിപക്ഷ നേതാവ് ആരോപിച്ചത്. എന്നാൽ രാജ്യത്ത് ബോർഡ് പരീക്ഷ നടത്തിയ ഏക സംസ്ഥാനം കേരളമാണ്. അയൽ സംസ്ഥാനങ്ങളിൽ എല്ലാം ഓൾ പ്രൊമോഷൻ ആയതിനാൽ കേരളത്തിൽ പ്ലസ് വണ്ണിന് പ്രവേശനമില്ലെന്നും മന്ത്രി ശിവൻകുട്ടി മറുപടി നൽകി. 'തമിഴ്നാട്ടിലും കർണാടകത്തിലും കുട്ടികൾ ഹയർസെക്കൻഡറിക്ക് പഠിക്കുന്നില്ല എന്നാണ് മന്ത്രി പറയുന്നത്. അങ്ങയെ വിദ്യാഭ്യാസ മന്ത്രിയാക്കിയ മുഖ്യമന്ത്രിക്ക് പ്രണാമം' എന്നായിരുന്നു വി ഡി സതീശന്റെ വാക്കുകൾ. മന്ത്രി തിരുത്താൻ ശ്രമിച്ചെങ്കിലും സതീശൻ വഴങ്ങില്ലെന്ന പിടിവാശിയിലായി. ശ്രദ്ധക്ഷണിക്കൽ വേളയിൽ കെ കെ ശൈലജയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയവെയാണ് വി ഡി സതീശന്റെ വിവാദം സൃഷ്ടിക്കാനുള്ള നടപടിയെ വിദ്യാഭ്യാസ മന്ത്രി തുറന്നുകാട്ടിയത്. താൻ സർവ്വജ്ഞപീഠം കയറിയ ആളെന്ന നിലപാടില്ല. പക്ഷെ, പ്രതിപക്ഷ നേതാവിന്റെ ധിക്കാരവും ഏവരേയും പുച്ഛിക്കുന്ന രീതിയും ശരിയല്ല. അദ്ദേഹം എങ്ങനെയാണ് പ്രതിപക്ഷ നേതാവായതെന്ന് അദ്ദേഹത്തിന്റെ തൊട്ടു പിന്നിലിരിക്കുന്നവർ പറയട്ടെ എന്നായിരുന്നു ശിവൻകുട്ടിയുടെ മറുപടി.

സ്കൂൾ തുറക്കുന്ന സാഹചര്യം സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കുന്നതിനിടെ മുസ്‌ലിം ലീഗ് അംഗം യു എ ലത്തീഫ് വർഗീയ പരാമർശം നടത്തിയതും സഭയെ അമ്പരപ്പിച്ചു.

# ജില്ലാ ആസൂത്രണ സമിതി യോഗം നൂതന പദ്ധതികളുമായി തദ്ദേശസ്ഥാപനങ്ങൾ

നൂതന പദ്ധതികൾക്കും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് സഹായകമായ പദ്ധതികളുമായി ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫ് അധ്യക്ഷതയിൽ ജില്ലാ ആസൂത്രണ സമിതി യോഗം. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രോജക്ടുകൾ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ നടപ്പാക്കണം. അപ്രന്റീഷിപ്പ് പ്രോഗ്രാമുകൾക്ക് പരിശീലനത്തിനുശേഷം ജോലി ലഭ്യമാക്കുന്നതിനുള്ള സാഹചര്യം കൂടി ഉറപ്പാക്കണം എന്ന് അദ്ദേഹം പറഞ്ഞു. ലഹരി വിമുക്ത പ്രോജക്ടുകൾ പോലീസ് എക്സൈസ് വകുപ്പുകളുടെ സംയോജനത്തോടെ നടപ്പാക്കാനും നിർദ്ദേശിച്ചു.

39 പ്രോജക്ടുകളാണ് അംഗീകാരത്തിനായി സമർപ്പിച്ചത്. 33 എണ്ണത്തിന് അംഗീകാരം നൽകി. പുനരുപയോഗ പ്ലാസ്റ്റിക് പ്രയോജനപ്പെടുത്തിയുള്ള മണ്ണില്ലാകൃഷി പദ്ധതി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് അവതരിപ്പിച്ചു. ഉൽപ്പാദന സേവന മേഖലകളിൽ കൂടുതൽ പ്രാമുഖ്യം നൽകികൊണ്ടുള്ള പദ്ധതികളാണ് ജില്ലാപഞ്ചായത്ത് അവതരിപ്പിച്ചത്. പരമ്പരാഗത മേഖലയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വന്തം വീടുകളിൽ നിന്ന് വരുമാനമാർഗ്ഗം ലഭ്യമാക്കുന്ന പദ്ധതി മുതൽ കോവിഡ് ബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് കറവ പശുവിനെയും കുട്ടിയെയും തീറ്റപ്പുല്ലും അടക്കം വിതരണം ചെയ്യുന്ന പദ്ധതികളും ചർച്ചയ്ക്കെത്തി.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദുരിതം അനുഭവിക്കുന്ന കർഷകർക്കും, സംരംഭകർക്കും, സഹകരണ സംഘങ്ങൾക്കും കൈത്താങ്ങാകുന്ന പദ്ധതികൾക്കും അംഗീകാരം നൽകി. വ്യവസായ സംരംഭങ്ങളെ ശാക്തീകരിക്കുന്നതിനും, പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ടെക്നിക്കൽ കോഴ്സുകൾ പൂർത്തിയായവർക്ക് രണ്ടുവർഷത്തെ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികളും ചർച്ച ചെയ്തു.

ജില്ലാ പ്ലാനിംഗ് ഓഫീസർ പി. ജെ ആമിന, സർക്കാർ നോമിനി എം. വിശ്വനാഥൻ, തദ്ദേശസ്ഥാപന പ്രസിഡന്റുമാർ, ജില്ലാതല ഉദ്യോഗസ്ഥർ, സെക്രട്ടറിമാർ, നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അഭിമുഖം

ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ (കാറ്റഗറി നമ്പർ: 529/2019) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം ഈ മാസം ഏഴ്, എട്ട്, 20, 21, 22 തീയതികളിൽ പി.എസ്.സി ജില്ലാ ഓഫീസിൽ നടക്കും. പ്രൊഫൈലിൽ നിന്നും ഇന്റർവ്യൂ മെമോ ഡൗൺലോഡ് ചെയ്ത് തിരിച്ചറിയൽ കാർഡിന്റെ ഒറിജിനലും വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സഹിതം ഹാജരാകണം. അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ പി.എസ്. സി ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

## ഐ.ടി, ടൂറിസം മേഖലകളിൽ സഹകരിക്കാൻ താല്പര്യം പ്രകടിപ്പിച്ച് തായ്‌പെയ് എക്കണോമിക്സ് ആന്റ് കൾച്ചറൽ സെന്റർ

ഐടി അധിഷ്ഠിത വ്യവസായം, ടൂറിസം എന്നീ മേഖലകളിൽ കേരളവുമായി സഹകരിക്കാൻ താല്പര്യം പ്രകടിപ്പിച്ച് ചെന്നൈയിലെ തായ്പെയ് എക്കണോമിക്സ് ആൻഡ് കൾച്ചറൽ സെൻറർ. സെന്റർ ഡയറക്ടർ ബെൻ വാങ് മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം പറഞ്ഞത്. ഇലക്ട്രോണിക് വെഹിക്കിൾ മേഖലയിലും ഐടി മേഖലയിലും കേരളത്തിന്റെ ഇടപെടലിനെ അദ്ദേഹം ശ്ലാഘിച്ചു. കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ സാധ്യതകൾ പഠിക്കുമെന്നും പറഞ്ഞു. ആയുർവേദ ചികിത്സ, ഭക്ഷ്യസംസ്കരണ മേഖലകളിൽ സഹകരിക്കുന്നത് കൂടുതൽ ചർച്ചയ്ക്കുശേഷമാവാമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# ഭൂമി പതിവ്: താത്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി

വനഭൂമി കുടിയേറ്റം ക്രമീകരിക്കുന്നതിനായി കേരള ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ഏഴ് പ്രത്യേക ഭൂമി പതിവ് ഓഫീസുകളുടെ പ്രവർത്തനം 2023 മാർച്ച് 31 വരെ നീട്ടി. ഈ ഓഫീസുകളിലെ 203 താത്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകി സർക്കാർ ഉത്തരവ് പുറത്തിറക്കി. ഇടുക്കി ജില്ലയിലെ ആറും തൃശൂർ ജില്ലയിലെ ഒന്നും ഓഫീസുകളുടെ പ്രവർത്തനമാണ് 2023 മാർച്ച് വരെ ദീർഘിപ്പിച്ചത്. 174 താത്കാലിക തസ്തികകൾ ഇടുക്കി ജില്ലയിലും 29 താത്കാലിക തസ്തികകൾ തൃശൂർ ജില്ലയിലുമാണുള്ളത്.

ഇടുക്കി ജില്ലയിലെ അഞ്ച് ഭൂമി പതിവ് ഓഫീസുകളുടെ പ്രവർത്തനം 2023 മാർച്ച് 31 ന് അവസാനിപ്പിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു. കരിമണ്ണൂർ, രാജകുമാരി, കട്ടപ്പന, മുരിക്കാശേരി, നെടുങ്കണ്ടം ഓഫീസുകളാണ് പ്രവർത്തനം അവസാനിപ്പിക്കേണ്ടത്. ശേഷം കരിമണ്ണൂർ ഓഫീസിലെ ഫയലുകൾ ഇടുക്കി എൽ.എ ഓഫീസിലേക്കും, രാജകുമാരി ഓഫീസില ഫയലുകൾ ദേവികുളം തഹസീൽദാർക്കും കൈമാറണം. കട്ടപ്പന, മുരിക്കാശേരി ഓഫീസുകളിലെ ഫയലുകൾ ഇടുക്കി തഹസീൽദാർക്കും നെടുങ്കണ്ടം ഓഫീസിലെ ഫയലുകൾ ഉടുമ്പൻചോല തഹസീൽദാർക്കും കൈമാറണമെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു.

# വാക്സിൻ നയം: നടപടികൾ പുരോഗമിക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. ഡോ. ബി ഇക്ബാലിന്റെ നേതൃത്വത്തിലുള്ള സംഘത്തെ ഇതു സംബന്ധിച്ച ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോന്നയ്ക്കൽ ലൈഫ് സയൻസ് പാ!ർക്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് സന്നദ്ധത അറിയിച്ച കമ്പനികൾ മറ്റു സംസ്ഥാനങ്ങൾ നൽകിയ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടു വച്ച ആവശ്യങ്ങൾ പരിശോധിച്ച് സംസ്ഥാനം നൽകുന്ന ഇളവുകൾ കമ്പനികളെ അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

## സർക്കാർ ധനസഹായം നൽകുന്നത് 37 രാജകുടുംബങ്ങൾക്ക്

തിരുവനന്തപുരം: സംസ്ഥാനത്തെ 37 രാജകുടുംബങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. മലബാർ മേഖലയിലെ നാട്ടുരാജാക്കന്മാർക്ക് കേന്ദ്രം അനുവദിക്കുന്ന മാലിഖാന പെൻഷനും തിരുവിതാംകൂർ കൊച്ചി നാട്ടുരാജ്യങ്ങളിലെ മുൻ നാട്ടുരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷനും അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് സാമൂതിരി രാജകുടുംബത്തിന് 2013 മുതൽ നാളിതുവരെ 19,51,81,500 രൂപ അലവൻസായി വിതരണം ചെയ്തെന്നും മുഖ്യമന്ത്രി അറിയിച്ചു.

# സിവിൽ സർവീസ്: ആദ്യഘട്ട പരീക്ഷ ഒക്ടോബർ 10 ന്

അഖിലേന്ത്യ സർക്കാർ സർവീസുകളിലെ വിവിധ തസ്തികകളിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന 2021 സിവിൽ സർവീസ് പരീക്ഷയുടെ ആദ്യഘട്ടം 2021 ഒക്ടോബർ 10 ഞായറാഴ്ച നടക്കും.

രാവിലെ 9.30 മുതൽ 11.30 വരെയും ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.30 വരെയുള്ള രണ്ടു സെക്ഷനുകളായാണ് ഒന്നാംഘട്ട പരീക്ഷ ക്രമീകരിക്കുന്നത്. കേരളത്തിലെ പരീക്ഷാർത്ഥികൾക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു സെന്ററുകളാണ് പരീക്ഷ എഴുതാനായി അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ 78 കേന്ദ്രങ്ങളിൽ 32,945 കുട്ടികളാണ് പരീക്ഷ എഴുതുന്നത്. സുഗമവും സുതാര്യവും കൃത്യവും സമാധാനപരവുമായ പരീക്ഷ നടത്തിപ്പിനായി യൂണിയൻ പബ്ലിക് സർവീസ് കമ്മിഷനും കേരള സർക്കാരും വിപുലമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

പരീക്ഷ എഴുതുവാൻ എത്തുന്ന കുട്ടികൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരീക്ഷ സമയത്തിന് 10 മിനിട്ട് മുമ്പ് ഹാളിൽ പ്രവേശിക്കണം. ഹാൾടിക്കറ്റിൽ യു.പി.എസ്.സി അനുവദിച്ചിരിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ മാത്രമേ പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളു.

ഡൗൺലോഡ് ചെയ്ത് എടുത്ത ഹാൾടിക്കറ്റിനൊപ്പം അപേക്ഷ സമർപ്പിക്കുമ്പോൾ നൽകിയ ഫോട്ടോ ഐഡന്റിറ്റി കാർഡും കൂടി കയ്യിൽ കരുതേണ്ടതും ആവശ്യപ്പെടുമ്പോൾ ഇൻവിജിലേറ്ററെ കാണിക്കേണ്ടതുമാണ്. പരീക്ഷക്ക് എത്തുന്നവർ കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

ബാഗുകൾ, മോബൈൽ ഫോണുകൾ, ക്യാമറകൾ, ഇലക്ട്രോണിക് വാച്ചുകൾ മറ്റ് ഏതെങ്കിലും തരത്തിലുള്ള ഇലക്ട്രോണിക്, ഐറ്റി ഉപകരണങ്ങൾ പരീക്ഷാ ഹാളിൽ അനുവദനീയമല്ല.

പരീക്ഷാസമയം തീരുന്നതുവരെ ഒരു പരീക്ഷാർത്ഥിയെയും പുറത്തു പോകുവാൻ അനുവദിക്കുന്നതല്ല. ഉദ്യോഗർത്ഥികൾക്ക് യാത്ര ആവശ്യത്തിന് പൊതുഗതാഗതം ഏർപ്പെടുത്തിയിട്ടുണ്ട്.

# തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു

തിരുവനന്തപുരം: തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമ പദ്ധതിക്കായി ക്ഷേമനിധി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 2021 ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമ നിധി ബിൽ തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ നിയമസഭയിൽ അവതരിപ്പിച്ചു. രാജ്യത്ത് ആദ്യമായാണ് തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമപദ്ധതി നടപ്പാകുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികളാണ് പദ്ധതി അംഗങ്ങൾ. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ഓർഡിനൻസിലൂടെ ക്ഷേമനിധിയ്ക്ക് രൂപം നൽകിയിരുന്നു.

അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളാണ് നിയമ നിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്.

രണ്ട് തൊഴിലുറപ്പ് പദ്ധതികളിലുമായി രജിസ്റ്റർ ചെയ്തിട്ടുള്ള 40 ലക്ഷം കുടുംബങ്ങൾ പദ്ധതിയുടെ ഭാഗമാകും. 18 നും 55നുമിടയിൽ പ്രായമുള്ള, തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളവർക്കാണ് അംഗത്വം. അറുപത് വയസ് പൂർത്തിയാകുമ്പോൾ പെൻഷൻ ലഭിക്കും. അംഗം മരണപ്പെട്ടാൽ അവകാശികൾക്ക് സാമ്പത്തിക സഹായമുണ്ടാകും. ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങളുമുണ്ടാകും.

തൊഴിലാളികളിൽ നിന്ന് പ്രതിമാസം 50 രൂപ അംശദായമായി ഈടാക്കിയും നിശ്ചിത തുക സർക്കാർ കണ്ടെത്തിയുമായിരിക്കും പദ്ധതി നടപ്പിലാക്കുക. പദ്ധതിക്ക് പ്രതിവർഷം 151 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. നിലവിൽ 68.5 കോടി രൂപയാണ് സർക്കാർ ഇതിനായി നീക്കി വച്ചിരിക്കുന്നത്.

# ഐ. എച്ച്. ആർ. ഡി എൻജിനിയറിങ് കോളേജിൽ എം. ടെക് സ്പോൺസേഡ് സീറ്റ്: അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ എൻജിനിയറിങ് കോളേജ്, എറണാകുളം, കോളേജ് ഓഫ് എൻജിനിയറിങ്, ചെങ്ങന്നൂർ, കോളേജ് ഓഫ് എൻജിനിയറിങ്, കരുനാഗപ്പള്ളി, കോളേജ് ഓഫ് എൻജിനിയറിങ്, ചേർത്തല, കോളേജ് ഓഫ് എൻജിനിയറിങ്, കല്ലൂപ്പാറ എന്നിവിടങ്ങളിൽ എം.ടെക് കോഴ്സുകളിലെ (202122) സ്പോൺസേഡ് സീറ്റിലെ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

അപേക്ഷ ംംം.ശവൃ റ.സ ല്യമഹമ.ഴീ.ശി/ാലേരവ എന്ന വെബ്സൈറ്റ് അല്ലെങ്കിൽ മേൽ പറഞ്ഞ കോളേജുകളുടെ വെബ്സൈറ്റ് വഴി (പ്രോസ്പെക്ടസ് പ്രകാരമുള്ള) ഓൺലൈനായി ഒക്ടോബർ ആറിന് വൈകിട്ട് നാല് വരെ സമർപ്പിക്കാം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 600 (എസ്.സി/എസ്.ടിക്ക് 300 രൂപ) രൂപയുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒക്ടോബർ എട്ടിന് വൈകുന്നേരം നാലിന് മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ ംംം.ശവൃറ.മര.ശി ൽ ലഭ്യമാണ്.

## അപ്രന്റീസ് മേള 2021

തൊഴിലിടങ്ങളിൽ തന്നെ പരിശീലനം നൽകി വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ മാസം 4ന് അപ്രന്റീസ് മേള നടത്തും. വ്യാവസായിക പരിശീലന വകുപ്പിൽ 9 ആർ.ഐ. സെന്ററുകളിലും 5 ഐ.ടി.ഐകളിലുമാണ് അപ്രന്റീസ് മേള സംഘടിപ്പിക്കുന്നത്. 8ാം ക്ലാസ് മുതൽ അടിസ്ഥാന യോഗ്യതയുള്ള കുട്ടികൾക്ക് അപ്രന്റീസ് മേളയിൽ പങ്കെടുത്ത് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിനായി രജിസ്റ്റർ ചെയ്യുന്നതിനായി www.appr-en-ti-c-e-sh-ip-in-d-i-a.or-g എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## തീയതി നീട്ടി

സാമൂഹിക നീതി വകുപ്പിന്റെ ഭിന്നശേഷി അവാർഡിന് അപേക്ഷിക്കാനുള്ള തീയതി ഈ മാസം 11 ന് വൈകിട്ട് അഞ്ചുവരെ നീട്ടി. സെപ്തംബർ 30 ആയിരുന്നു നേരത്തേ അവസാന തീയതിയായി നിശ്ചയിച്ചിരുന്നത്. ഈമാസം 11ന് വൈകിട്ട് അഞ്ചിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ലെന്ന് സാമൂഹികനീതി വകുപ്പ് അറിയിച്ചു.

# ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ എൻജിനീയറിംഗ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിലെ റെക്കോർഡിംഗ് തീയേറ്ററിൽ സൗണ്ട് എൻജിനീയറുടെയും എൻജിനീയറിംഗ് അസിസ്റ്റന്റിനുമുള്ള ഒഴിവുകളുണ്ട്. സൗണ്ട് എൻജിനീയർ ഒഴിവിലേക്ക് സൗണ്ട് എൻജിനിയറിംഗിൽ ബിരുദം/ഡിപ്ലോമയും, പ്രോടൂൾസ്, ലോജിക്സ് തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. എൻജിനീയറിംഗ് അസിസ്റ്റന്റ് ഒഴിവിലേക്ക് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദം/ഡിപ്ലോമയും, റെക്കോർഡിംഗ് തീയേറ്ററിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. കരാറടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ കോളേജിൽ നടക്കുന്ന നേരിട്ടുള്ള അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അസൽ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയം സാക്ഷ്യപ്പെടുത്തിയത്, മറ്റ് അനുബന്ധരേഖകൾ സഹിതം ഒക്ടോബർ 11ന് രാവിലെ 10നും ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഉദ്യോഗാർത്ഥികൾ അന്നേ ദിവസം രാവിലെ 11നും ഹാജരാകണം.

## സി. ഒ. ഇ ട്രേഡ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു

സെപ്റ്റംബർ 2021ൽ നടന്ന അഖിലേന്ത്യാ സി.ഒ.ഇ ട്രേഡ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ഫലം ംംം.റല േ.സല്യമഹമ.ഴീ.ശി ലും ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐകളിലും ലഭിക്കും.

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2021 OCTOBER 5 TUESDAY


# സെലിബ്രിറ്റികളുടെ പേടിസ്വപ്നമായ സമീർ വാംഖ്ഡെ

മുംബൈ: മുംബൈയിലെ സെലിബ്രിറ്റികളുടെ പേടിസ്വപ്നമാണ്, ഷാരുഖ് ഖാന്റെ മകൻ ആര്യൻ ഖാനെ ആഡംബര കപ്പലിലെ ലഹരിമരുന്നു പാർട്ടിക്കിടെ പിടികൂടിയ എൻസിബി(നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ) സോണൽ ഡയറക്ടർ സമീർ വാംഖ്ഡെ.

2010ൽ മഹാരാഷ്ട്ര സർവീസ് ടാക്സ് ഡിപ്പാർട്ട്മെന്റിലേക്കു സ്ഥലം മാറിയെത്തിയ സമീർ അന്ന് 200 സെലിബ്രിറ്റികൾ ഉൾപ്പെടെ 2500 പേർക്കെതിരെയാണു നികുതിവെട്ടിപ്പിനു കേസെടുത്തത്. 87 കോടി രൂപയാണു രണ്ടു വർഷത്തിനിടെ സമീർ ഖജനാവിലേക്കു മുതൽക്കൂട്ടിയത്. ഇതൊരു റിക്കാർഡാണ്.

മുംബൈയെ മയക്കുമരുന്നുമുക്തമാക്കുമെന്നു ശപഥം ചെയ്ത സമീറും സംഘവും രണ്ടു വർഷത്തിനിടെ പിടികൂടിയത് 17,000 കോടി രൂപയുടെ ലഹരിമരുന്നാണ്. 2020 നവംബറിൽ സമീറിനും അഞ്ച് എൻസിബി ഉദ്യോഗസ്ഥർക്കും അറുപതോളം മയക്കുമരുന്നു കടത്തുകാരുടെ ആക്രമണത്തിൽ പരിക്കേറ്റിരുന്നു. സമീറിൻറെ പരിക്ക് ഗുരുതരമല്ലായിരുന്നു. എന്നാൽ രണ്ടു സഹപ്രവർത്തകർക്കു ഗുരുതരമായി പരിക്കേറ്റു.

കഴിഞ്ഞ വർഷം ബോളിവുഡ് താരം സുശാന്ത് സിംഗ് രജ്പുത്തിൻറെ ആത്മഹത്യയിലേക്കു നയിച്ച ലഹരി ഇടപാടുകളുടെയും ഗൂഢാലോചനയുടെയും ചുരുളഴിച്ച ഉദ്യോഗസ്ഥനാണു സമീർ വാംഖെഡെ. സുശാന്ത് കേസിൽ ഒട്ടേറെ ബോളിവുഡ് താരങ്ങളെയും ചോദ്യം ചെയ്ത സമീർ പലരുടെയും വീടുകളിൽ റെയ്ഡ് നടത്തി.

ക്രിക്കറ്റിൻറെയും ബോളിവുഡ് സിനിമകളുടെയും ആരാധനകനായ സമീർ ജോലിയിൽ ഒരു ഒത്തുതീർപ്പിനും വഴങ്ങുന്നയാളല്ല. മുംബൈ ഛത്രപതി ശിവാജി വിമാനത്താവളത്തിൽ ഡെപ്യൂട്ടി കസ്റ്റംസ് കമ്മീഷണറായിരിക്കേ, കസ്റ്റംസ് നികുതി വെട്ടിച്ച് സാധനങ്ങൾ കടത്താൻ ശ്രമിച്ച ബോളിവുഡ് താരങ്ങളെയും ക്രിക്കറ്റ് താരങ്ങളെയും നിർഭയം കൈകാര്യം ചെയ്തയാളാണ് ഇദ്ദേഹം. ഇതിൻറെ പേരിൽ താരങ്ങൾ ഭീഷണി മുഴക്കിയെങ്കിലും സമീറിനു കൂസലുണ്ടായിരുന്നില്ല.

2011ൽ ഏകദിന ലോകകപ്പ് ട്രോഫി മുംബൈ വിമാനത്താവളത്തിൽ തടഞ്ഞുവച്ചയാളാണ് ഇദ്ദേഹം. കസ്റ്റംസ് ഡ്യൂട്ടി അടച്ചതിനുശേഷമാണു സ്വർണട്രോഫി വിട്ടുനല്കിയത്. 2013ൽ ഗായകൻ മിക്കാ സിംഗിനെ വിമാനത്താവളത്തിൽ വിദേശ കറൻസിയുമായി സമീർ പിടികൂടിയിരുന്നു. ബോളിവുഡിലെ വൻപന്മാരായ അനുരാഗ് കശ്യപ്, വിവേക് ഒബ്റോയി, രാം ഗോപാൽ വർമ എന്നിവരുടെ സ്ഥാപനങ്ങളിൽ ഇദ്ദേഹം റെയ്ഡ് നടത്തിയിട്ടുണ്ട്. മുംബൈയിൽ ജനിച്ച സമീർ വാംഖെഡെ(40)യുടെ പിതാവ് പോലീസ് ഓഫീസറായിരുന്നു. മറാഠി നടി ക്രാന്തി റെഡ്കർ ആണു ഭാര്യ. 2004 ബാച്ച് ഇന്ത്യൻ റവന്യൂ സർവീസ് ഉദ്യോഗസ്ഥനായ സമീർ എയർ ഇന്റലിജൻസ് യൂണിറ്റിൽ ഡെപ്യൂട്ടി കമ്മീഷണർ, എൻഐഎയിൽ അഡീഷണൽ എസ്പി, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്(ഡിആർഐഎസ്)ൽ ജോയിൻറ് കമ്മീഷണർ തുടങ്ങിയ പദവികൾ വഹിച്ചശേഷമാണു എൻസിബിയിലെത്തിയത്.

## സിൽവർ ലൈൻ റയിൽപാതയ്ക്കായി സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തും

തിരുവനന്തപുരം: തിരുവനന്തപുരം കാസർകോട് സിൽവർ ലൈൻ റയിൽപാതയ്ക്കായി പരിസ്ഥിതി ആഘാതപഠനം നടത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. കേരള റയിൽ ഡെവലപ്മെന്റ് കോർപറേഷനാണ് പഠനം നടത്തിയത്. ഇതുമായി ബന്ധപ്പെട്ട് ഒരു ദ്രുത പരിസ്ഥിതി ആഘാതപഠനം തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റ് മുഖേനയും നടത്തി. ഇതിന്റെ റിപ്പോർട്ട് കെ റയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സമഗ്രമായ ഒരു പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ ആഘാതപഠനം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## എം. എഡ്. കോഴ്സ്: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ 202122 അധ്യയന വർഷത്തേക്കുള്ള രണ്ടു വർഷ എം.എഡ്. കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. അപേക്ഷാഫോറം കോളേജ് ഓഫീസിൽ നിന്നും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെ വിതരണം ചെയ്യുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ വില 55 രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 11.10.2021. കൂടുതൽ വിവരങ്ങൾക്ക് 04712323964 എന്ന നമ്പറിൽ ബന്ധപ്പെടണം.

# ശബരിമല സ്ത്രീപ്രവേശനം: അക്രമസമരങ്ങളിൽ രജിസ്റ്റർ ചെയ്തത് 2,636 കേസുകൾ

തിരുവനന്തപുരം: ശബരിമല സ്ത്രീ പ്രവേശന വിധിക്കെതിരെ നടന്ന അക്രമസമരങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 2,636 കേസുകളും പൗരത്വഭേദഗതി നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് 836 കേസുകളും രജിസ്റ്റർ ചെയ്തു. നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസെടുത്തിട്ടില്ലെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു. രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കും. രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലെ സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം ക്രൈംബ്രാഞ്ച് ഐജിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. പൊലീസിലെ രാഷ്ട്രീയവൽക്കരണം ശ്രദ്ധയിൽപ്പെട്ടില്ലെന്നും ഏതെങ്കിലും പൊലീസ് ഉദ്യോഗസ്ഥൻ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ വകുപ്പുതല നടപടി സ്വീകരിക്കുമന്നും മുഖ്യമന്ത്രി അറിയിച്ചു.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സിവിൽ സർവീസ് ജീവനക്കാർ ഉൾപ്പെട്ട 665 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തതായി മുഖ്യമന്ത്രി അറിയിച്ചു. 361 കേസുകളിൽ അന്വേഷണം പൂർത്തിയായതായും 304 എണ്ണത്തിൽ അന്വേഷണം നടന്നുവരുന്നുണ്ട്. ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിൻെറ ഭാഗമായി 1921ൽ മലബാറിൽ നടന്ന കലാപത്തിൽ രക്തസാക്ഷികളായവരുടെ പേരുകൾ രക്തസാക്ഷി നിഘണ്ടുവിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ഇന്ത്യൻ ചരിത്ര കൗൺസിലിന്റെ തീരുമാനത്തിൽ സർക്കാർ വിയോജിപ്പ് വ്യക്തമാക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി നിയമസഭയിൽ അറിയിച്ചു.

# നാല് ബില്ലുകൾ നിയമസഭ സബ്ജക്ട് കമ്മിറ്റിയ്ക്ക് വിട്ടു

തിരുവനന്തപുരം: പഞ്ചായത്ത് മുനിസിപ്പാലിറ്റി ഭേദഗതി ഉൾപ്പെടെ നാലു ബില്ലുകൾ നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടു. 2021ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി), 2021ലെ കേരള നഗര ഗ്രാമാസൂത്രണ (ഭേദഗതി), കേരള മുനിസിപ്പാലിറ്റി (ഭേദഗതി), കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്നീ ബില്ലുകളാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടത്. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ എണ്ണം വർധിപ്പിച്ച ഉത്തരവ് റദ്ദാക്കുക, സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമാണ അനുമതി നൽകുക, കോവിഡ് രോഗികൾക്ക് തപാൽ വോട്ട് അനുവദിച്ച തീരുമാനം എന്നിവയ്ക്ക് നിയമസാധൂകരണം നൽകുന്നതാണ് പഞ്ചായത്ത് മുനിസിപ്പാലിറ്റി ഭേദഗതി ബിൽ.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പ്രത്യേക ക്ഷേമനിധി രൂപികരിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് 2021ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ. തൊഴിലുറപ്പ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡുകൾ ലഭിച്ചിട്ടുള്ളതും 18 നും 55 നും വയസിന് ഇടയിൽ പ്രായമുള്ളവർക്ക് ക്ഷേമനിധിയിൽ അംഗത്വം നേടാവുന്നതാണ്. 60 വയസു വരെ അംശാദായം അടച്ചിട്ടുള്ളതും 60 വയസ് കഴിയുന്നവരുമായ അംഗങ്ങൾക്ക് പെൻഷൻ നൽകും.

അംഗങ്ങൾ മരിച്ചാൽ ആശ്രിതർക്കും ധനസഹായം ലഭിക്കുമെന്ന വ്യവസ്ഥയും ബില്ലിലുണ്ട്.സംസ്ഥാനത്തെ ഭൂമിയുടെ വികസനവിനിയോഗവും മറ്റു പദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രത്യേക സംസ്ഥാനനഗര ഗ്രാമാസൂത്രണ സമിതി രൂപീകരിക്കുമെന്നതാണ് കേരള നഗര ഗ്രാമാസൂത്രണ ഭേദഗതി ബില്ലിലെ പ്രധാന വ്യവസ്ഥ.

## ഒക്ടോബർ 2 മുതൽ 31 വരെ ലഹരിവിരുദ്ധ ബോധവത്കരണം

ഗാന്ധിജയന്തി ആഘോഷത്തോടനുബന്ധിച്ചുള്ള ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ഒക്ടോബർ 2) രാവിലെ 10ന് ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻമാസ്റ്റർ നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും.

സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഒരു മാസം നീണ്ടുനിൽക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും. അംഗീകൃത റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടുകൂടി സൈക്കിൾറാലി, ക്വിസ് മൽസരം, ഓൺലൈൻ ബോധവൽക്കണ ക്ലാസ് എന്നീ പരിപാടികൾ നടത്തും. ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെയും ജില്ലാ വിമുക്തി മാനേജരുടെയും നേതൃത്വത്തിൽ ഒക്ടോബർ 2 മുതൽ 31 വരെയുള്ള കാലയളവിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

## ഏഴ് ജില്ലകളിൽ മഞ്ഞ അലർട്ട്

കേന്ദ്രകാലാവസ്ഥാ വകുപ്പ് സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ നാളെവരെ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിലാണ് മഞ്ഞ അലർട്ട് (ശക്തമായ മഴ) പ്രഖ്യാപിച്ചിട്ടുള്ളത്.

ജില്ലാതല ആഘോഷം ഇന്ന് (ഒക്ടോബർ 2) മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും

ഇക്കൊല്ലത്തെ ഗാന്ധിജയന്തി ആഘോഷം കൊല്ലം ബീച്ചിലെ ഗാന്ധിപാർക്കിൽ ഒക്ടോബർ രണ്ടിന് രാവിലെ എട്ടിന് ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ജില്ലാ ഭരണകൂടം, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കൊല്ലം കോർപറേഷൻ, ഗാന്ധി പീസ് ഫൗണ്ടേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയുടെ ഭാഗമായി മഹാത്മാഗാന്ധി പ്രതിമയിൽ ഹാരാർപണം, പുഷ്പാർച്ചന, രാഷ്ട്രത്തിന്റെ അഖണ്ഡതയും ദേശീയോദ്ഗ്രഥനവും മതമൈത്രിയും ശക്തിപ്പെടുത്തുന്നതിനുള്ള ദൃഢപ്രതിജ്ഞ എന്നിവ നടത്തും.

മേയർ പ്രസന്ന ഏണസ്റ്റിന്റെ അധ്യക്ഷതയിൽ ചേരുന്ന ഗാന്ധിസ്മൃതി സമ്മേളനത്തിൽ എം. പി. മാരായ എൻ. കെ. പ്രേമചന്ദ്രൻ, കെ. സോമപ്രസാദ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. എം. മുകേഷ് എം. എൽ. എ ഗാന്ധിജയന്തി സന്ദേശം നൽകും. എം. നൗഷാദ് എം. എൽ. എ ഗാന്ധിസ്മൃതി പ്രഭാഷണം നടത്തും. ജില്ലാ കലക്ടർ അഫ്സാന പർവീൺ സ്വാഗതം പറയും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, ഡെപ്യൂട്ടി മേയർ കൊല്ലം മധു

## കോവിഡ് പ്രതിരോധം: വിവരശേഖരണ സർവേയ്ക്ക് ഒരുങ്ങി ചിതറ ഗ്രാമപഞ്ചായത്ത്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ചിതറ ഗ്രാമപഞ്ചായത്തിൽ വിവരശേഖരണ സർവേ നടത്താൻ തീരുമാനമായി. ഈ മാസം നാലോടുകൂടി പൂർത്തീകരിക്കും. ആശാവർക്കർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും അങ്കണവാടി ജീവനക്കാരുടെയും സഹകരണത്തോടെയാണ് ്സർവേ നടത്തുക. വാർഡ് അടിസ്ഥാനത്തിൽ ഓരോ വീടുകളിലെയും ആളുകളുടെ വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഒരു ഡോസ് മാത്രം എടുത്തവർ, വാക്സിനേഷൻ പൂർത്തീകരിച്ചവർ, വാക്സിൻ എടുക്കാത്തവർ എന്നിങ്ങനെയാണ് വിവരങ്ങൾ ശേഖരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും. ഈ മാസം 15 ഓടുകൂടി സമ്പൂർണ വാക്സിനേഷൻ കൈവരിക്കുകയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് പ്രസിഡന്റ് എം. എസ് മുരളി പറഞ്ഞു.

വെളിയം ഗ്രാമപഞ്ചായത്തിലെ വാപ്പാല കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഗാ വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിച്ചു. പഞ്ചായത്ത് പരിധിയിൽ ഇതുവരെ വാക്സിൻ സ്വീകരിക്കാത്ത 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായാണ് വാക്സിനേഷൻ സൗകര്യം ഒരുക്കിയത്. ഒന്നാം ഡോസ് വാക്സിനേഷൻ 99 ശതമാനം പൂർത്തിയായി. വാർഡുകൾ കേന്ദ്രീകരിച്ച് മൊബൈൽ ടീമിന്റെ നേതൃത്വത്തിൽ ആർ. ടി.പി.സി.ആർ പരിശോധനയും വ്യാപിപ്പിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സമ്പൂർണ വാക്സിനേഷൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ആർ. ബിനോജ് പറഞ്ഞു.

## ഓണക്കിറ്റിലേക്ക് ഏലക്ക വാങ്ങിയതിൽ അഴിമതിയില്ല

തിരുവനന്തപുരം : ഓണക്കിറ്റിലേക്ക് ഏലക്ക വാങ്ങിയതിൽ യാതൊരു അഴിമതിയുമില്ലെന്നും ടെണ്ടർ നടപടികൾ പാലിച്ചാണ് വാങ്ങിയതെന്നും ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിയമസഭയെ അറിയിച്ചു. 86,34,359 പാക്കറ്റുകൾക്ക് 26.81 കോടിയാണ് ചെലവായതെന്നും പി ടി തോമസിന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

20 ഗ്രാം ഏലക്കയാണ് ഓണക്കിറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഏലക്ക ഒന്നിച്ചുവാങ്ങി 20 ഗ്രാമിന്റെ പായ്ക്കറ്റുകളാക്കി നൽകുന്നത് പ്രായോഗികമല്ലാത്തിനാൽ അവ പായ്ക്കറ്റുകളിലാക്കി നൽകാനാണ് ടെണ്ടറിൽ നിർദ്ദേശിച്ചിരുന്നത്. ഓണക്കിറ്റ് വിതരണം ജൂലൈ 31ന് ആരംഭിക്കണമെന്നാണ് സർക്കാർ നിർദ്ദേശം നൽകിയത്. എന്നാൽ ഓർഡർ കിട്ടിയ വിതരണക്കാർക്ക് പായ്ക്ക് ചെയ്ത ഏലക്ക നൽകുന്നതിന് ഒരാഴ്ച കൂടി സാവകാശം വേണമെന്ന് അറിയിച്ചു. പ്രത്യേക സാഹചര്യം പരിഗണിച്ച് ആദ്യഘട്ട വിതരണത്തിനുള്ള ഏലക്ക ഡിപ്പോ മാനേജ്മെന്റ് സമിതിയുടെ നടപടി ക്രമങ്ങൾ പാലിച്ച് 33.33 രൂപയിൽ അധികരിക്കാതെ വാങ്ങുന്നതിന് നിർദ്ദേശം നൽകി. ഡിപ്പോ ലെവലിൽ 8,20,196 പായ്ക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. ബാക്കി 78,14,163 പായ്ക്കറ്റുകളും ടെണ്ടർ നടപടികൾ പാലിച്ചാണ് വങ്ങിയത്. ഏലക്ക വാങ്ങിയ ഇനത്തിൽ 86,34,359 പായ്ക്കറ്റുകൾക്ക് 26.81 കോടി രൂപ ചെലവായി. ഇത്തരത്തിൽ വാങ്ങിയ ഏലക്കയ്ക്ക് എങ്ങനെയാണ് കോടികളുടെ അഴിമതി നടക്കുന്നതെന്നും മന്ത്രി സഭയിൽ ചോദിച്ചു.

# കോവിഡ്: വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ നികുതി ഒഴിവാക്കും

കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഇതുവരെയുള്ള നികുതി ഒഴിവാക്കാനുള്ള നിർദ്ദേശം മുഖ്യമന്ത്രി അംഗീകരിച്ചതായി ഗതാഗതമന്ത്രി ആന്റണി രാജു അറിയിച്ചു. 2020 ഒക്ടോബർ മുതൽ 2021 സെപ്തംബർവരെയുള്ള കാലയളവിലെ നികുതിയാണ് ഒഴിവാക്കുന്നത്. സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ, ഗതാഗത മന്ത്രിമാർ നടത്തിയ ചർച്ചയിലാണ് ഇത്തരമൊരു നിർദ്ദേശം ഉയർന്നുവന്നത്. തുടർന്ന് മഖ്യമന്ത്രി, ധനമന്ത്രി എന്നിവരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

സംസ്ഥാനത്തെ സ്റ്റേജ്, കോൺട്രാക്ട് കാരിയേജുകളുടെ രണ്ടും മൂന്നും പാദത്തിലെ നികുതി അടയ്ക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മുതലുള്ള ആദ്യ പാദത്തിലെ നികുതി പൂർണമായും ഒഴിവാക്കിയിരുന്നു. കോവിഡ് മഹാമാരി മൂലം വാഹനഗതാഗത രംഗത്തുള്ളവരുടെ സാമ്പത്തിക ബുദ്ധിമുട്ടും തൊഴിൽ രാഹിത്യവും പരിഗണിച്ചാണ് ഇപ്പോഴത്തെ നടപടിയെന്നും മന്ത്രി ആന്റണി രാജു അറിയിച്ചു.

## ക്ലീൻ ഇന്ത്യാ കാമ്പയിന് തുടക്കം

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ആസാദി കാ അമൃത് മഹോത്സവ് പരിപാടിയുടെ ഭാഗമായി നടക്കുന്ന ക്ലീൻ ഇന്ത്യ ക്യാമ്പെയിനിന്റെ ജില്ലാതല ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും ജില്ലാ കലക്ടർ അഫ്സാന പർവീൺ നിർവഹിച്ചു.

ജില്ലാ ഭരണകൂടം, നെഹ്റു യുവ കേന്ദ്ര, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ, എൻ. എസ്. എസ്, കുടുംബശ്രീ, ഹരിത കർമ്മസേന എന്നിവയുടെ പങ്കാളിത്തത്തോടെ ഒക്ടോബർ 31 വരെ നീണ്ടു നിൽക്കുന്നതാണ് ക്യാമ്പയിൻ. പരിപാടിയിൽ പങ്കാളികളാകുന്നവർക്ക് കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റ് നൽകും. മികച്ച പ്രവർത്തനം നടത്തുന്ന വളണ്ടിയർക്കും യൂത്ത് ക്ലബ്ബിനും ഇതര സംഘടനകൾക്കും പ്രതേക പുരസ്ക്കാരങ്ങളും നൽകും. കലക്ടറുടെ ചേമ്പറിൽ നടന്ന പ്രകാശന ചടങ്ങിൽ നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ നിപുൺ ചന്ദ്രൻ, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ ഷാനവാസ് എന്നിവർ പങ്കെടുത്തു.

## ഭാസുര: ഗോത്രവർഗ വനിതാ ഭക്ഷ്യഭദ്രതാ കൂട്ടായ്മ

ഗോത്രവർഗ മേഖലയിൽ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും ഭക്ഷണാവകാശങ്ങളെക്കുറിച്ച് ഗോത്രവർഗ ജനതയെ ബോധവത്കരിക്കുന്നതിനുമായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ഗോത്രവർഗ വനിതാ ഭക്ഷ്യ ഭദ്രത കൂട്ടായ്മയ്ക്ക് രൂപം നൽകും.

ആദ്യഘട്ടത്തിൽ സംസ്ഥാന വ്യാപകമായി 360 കൂട്ടായ്മകളാണ് രൂപീകരിക്കുന്നത്. വയനാട് ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ രാവിലെ 11ന് പട്ടികജാതി പട്ടിക വർഗ വികസന, ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. ആരോഗ്യവനിതാ ശിശുക്ഷേമ മന്ത്രി വീണാ ജോർജ് മുഖ്യപ്രഭാഷണം നടത്തും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ മുഖ്യാതിഥി ആയിരിക്കും.

## ഡെപ്യൂട്ടേഷൻ നിയമനം

കേരള സർക്കാർ സ്ഥാപനമായ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നാംഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് 35,60075,400 ശമ്പള സ്കെയിലിൽ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്തു വരുന്ന ബിരുദ യോഗ്യതയുള്ള ക്ലറിക്കൽ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ ഓഫീസ് മേധാവി മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒഴിവുകളുടെ എണ്ണം ഒന്ന്. ഡയറക്ടർ, കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം34 എന്ന വിലാസത്തിൽ ഒക്ടോബർ 25നകം അപേക്ഷ ലഭിക്കേണ്ടതാണ്. ഫോൺ: 0471233790, മൊബൈൽ: 8547971483.

## സ്ക്വാഡ് പരിശോധന : എട്ട് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ എട്ട് കേസുകൾക്ക് പിഴ ചുമത്തി.

ചിതറ, ഇളമാട്, കരീപ്ര, ഇട്ടിവ, കടയ്ക്കൽ, കൊട്ടാരക്കര, കുളക്കട, കുമ്മിൾ, നിലമേൽ, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിനല്ലൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ നാല് കേസുകൾക്ക് പിഴ ഈടാക്കുകയും 159 കേസുകൾക്ക് താക്കീത് നൽകുകയും ചെയ്തു.

കരുനാഗപ്പള്ളി, ആലപ്പാട്, ചവറ, ക്ലാപ്പന, കെ.എസ് പുരം,നീണ്ടകര, ഓച്ചിറ, പ ന, തഴവ, തൊടിയൂർ, തെക്കുംഭാഗം, തേവലക്കര എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ രണ്ട് കേസുകളിൽ പിഴ ഈടാക്കി. 91 കേസുകൾക്ക് താക്കീത് നൽകി. കുന്നത്തൂരിൽ രണ്ട് കേസുകൾക്ക് പിഴ ഈടാക്കുകയും 38 കേസുകൾക്ക് താക്കീത് നൽകുകയും ചെയ്തു.

## കർഷക കടാശ്വാസ കമ്മിഷൻ സിറ്റിംഗ്

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മിഷൻ 2021 ഒക്ടോബർ മാസത്തിൽ നടത്തുന്ന സിറ്റിംഗുകളുടെ വിശദാംശങ്ങൾചുവടെ.

സംസ്ഥാന കർഷക കടാശ്വാസ കമ്മിഷൻ 2021 ഒക്ടോബർ മാസത്തിൽ കോട്ടയം ജില്ലയിൽ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ ചെയർമാൻ (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

കോട്ടയം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ 6, 7 തീയതികളിലാണ് സിറ്റിംഗ്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

സിറ്റിംഗിന് ഹാജരാകുന്നവർ നിർബന്ധമായും കൊവിഡ്19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി: ഒക്ടോബർ 10വരെ അപേക്ഷിക്കാം

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകളുടെയും, വിവാഹബന്ധം വേർപ്പെടുത്തിയവരുടെയും, ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന പുനരുദ്ധാരണത്തിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 10വരെ നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ശരിയായ ജനലുകൾ/വാതിലുകൾ/മേൽക്കൂര/ഫ്ളോറിംങ്/ഫിനിഷിംങ്/ പ്ലബിംങ്/ സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

ഒരു വീടിന്റെ അറ്റകുറ്റ പണിക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ / പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം. അപേക്ഷകയോ അവരുടെ മക്കളോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരാകുക, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് ഭവന പുനരുദ്ധാരണത്തിന് സഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 202122 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം.

അപേക്ഷാ ഫോറം ০০০.ാ ശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റുകളിൽ ഒക്ടോബർ 10 വൈകിട്ട് 5 വരെ സ്വീകരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.